പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4182

16.03.2017 -ലെ മറുപടിയ്ക്ക്

# തൊഴിലാളികൾക്ക് ശമ്പളം ബാങ്ക് വഴി ആക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ആയിഷാ പോറ്റി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംഘടിത /അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് ശമ്പളം ബാങ്ക് വഴി ആക്കുന്നതിന് നടപടികൾ ആയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ)അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടിസ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. നാളിതുവരെ 3541 സ്ഥാപനങ്ങളിൽ നിന്നും 79603 ജീവനക്കാർക്ക് 343 കോടി രൂപ ടി പദ്ധതി വഴി വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ വാണിജ്യസ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | ബി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവക്ക് ഓൺലൈൻ സംവിധാനം മുഖേന സ്ഥാപനങ്ങൾക്ക് തൊഴിൽ വകുപ്പിലേക്ക് അപേക്ഷിക്കാവുന്നതാണ്. ആയതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി 2016 വർഷം 34058 രജിസ്ട്രേഷനും 132570 റിന്യൂവലും ഓൺലൈനായി നൽകിയിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**